# ഗവ: എൽ.പി.എസ്. ആറാമട

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 – 26

# ഉള്ളടക്കം


1. ആമുഖം
2. സ്കൂൾ ചരിത്രം
3. ഭൗതികസൗകര്യങ്ങൾ
4. കുട്ടികളുടെ വിവരങ്ങൾ 2025-26
5. ജീവനക്കാരുടെ വിവരങ്ങൾ
6. വെല്ലുവിളികൾ
7. കാഴ്ചപ്പാട്
8. പൊതുലക്ഷ്യങ്ങൾ
9. അക്കാദമിക മാസ്റ്റർ പ്ലാൻ- മലയാളം
10. അക്കാദമിക മാസ്റ്റർ പ്ലാൻ- ഇംഗ്ലീഷ്
11. അക്കാദമിക മാസ്റ്റർ പ്ലാൻ- ഗണിതം
12. അക്കാദമിക മാസ്റ്റർ പ്ലാൻ-
13. കലാ-കായിക-പ്രവൃത്തിപരിചയ പഠനം
14. പ്രീപ്രൈമറി വിഭാഗം

# ആമുഖം

2025-26 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ് മുതൽ നാലാംക്ലാസ് വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമപദ്ധതി പിന്തുണ ഉറപ്പാക്കുന്നു. കോവിഡാനന്തരം കുട്ടികളിലുണ്ടായിട്ടുള്ള കൂടുതൽ പഠനപ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവമായ രൂപകൽപ്പനയാണ് ചെയ്തിട്ടുള്ളത്  പഠനവിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവംവളർത്തുക, സ്വയംവിലയിരുത്തൽ, പരസ്പരവിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂൾതലത്തിൽ കർമ്മപദ്ധതി ആരംഭിച്ചിട്ടുള്ളത്. എല്ലാ അധ്യാപകരുടെയും കൂട്ടായ ചർച്ചയിലൂടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകൽപന ചെയ്തു.

# സ്കൂൾ ചരിത്രം

സ്കൂൾ ചരിത്രം വിശകലനം ചെയ്താൽ ആറാമട എൽ.പി.എസ്സ് ഒരു വിദ്യാലയ മുത്തശ്ശി തന്നെയാണ്. സ്കൂൾതല രേഖകൾ പരിശോധിച്ചതിൽ നിന്ന് ഈ സ്കൂളിന് 150 വർഷത്തിലേറെ പഴക്കമുണ്ടെന്ന് കാണുന്നു. സ്കൂൾ ആദ്യം ഒരു ഓലമേഞ്ഞ ഷെഡ്ഡായിരുന്നുവെന്നും ചരിത്രത്തിൽ നിന്നും കണ്ടെത്താം. പള്ളിക്കൂടങ്ങൾ ആരാധനാസ്ഥലങ്ങളായി ഉപയോഗിക്കുവാൻ പാടില്ല എന്നുള്ള നയം അന്ന് സർക്കാർ ശക്തമായി നടപ്പിലാക്കിയതിനെ തുടർന്ന് എൽ.എം.എസ്. മാനേജ്മെൻറ് ഇന്നുള്ള രീതിയിൽ കരിങ്കൽ കെട്ടിടം പണിതു. കരിങ്കൽഭിത്തിയോടു കൂടിയ ഒറ്റബിൽഡിംഗാണ് സ്കൂളിന് ഉള്ളത്. $42^1/_2$ സെൻറ്സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം എന്ന നയത്തിന്റെ അടിസ്ഥാനത്തചന്റ ഈപള്ളിക്കൂടം പിന്നീട് സർക്കാർ ഏറ്റെടുത്തതായി സ്കൂൾ ചരിത്രത്തിൽ നിന്നും മനസ്സിലാക്കുന്നതിന് കഴിയുന്നു.

# ഭൗതികസൗകര്യങ്ങൾ

42 $^{1}/_{2}$ സെൻറ് സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. കരിങ്കൽഭിത്തികളോടു കൂടിയ പ്രധാന കെട്ടിടത്തിൽ പ്രൈമറിക്ലാസുകളും അതിനോട് ചേർന്ന് രണ്ട് മുറികൾ ഉള്ള കെട്ടിടത്തിൽ പ്രീപ്രൈമറി ക്ലാസുകളും പ്രവർത്തിക്കുന്നു. സ്കൂളിന് വൃത്തിയുള്ള ഒരു അടുക്കളയുണ്ട്. ശുദ്ധജലലഭ്യത, ആവശ്യത്തിനുള്ള ശുചിമുറികൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. കുടിവെള്ള ശുചീകരണത്തിനായി വാട്ടർപ്യൂരിഫയറുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു.

| | |
|---|---|
| സ്ഥാപിതം | 1897 |
| വിവരങ്ങൾ | |
| ഇമെയിൽ | aramadagovtlps@gmail.com |
| കോഡുകൾ | |
| സ്കൂൾകോഡ് | 43201 (സമേതം) |
| യുഡൈസ്കോഡ് | 32141102805 |
| വിക്കിഡാറ്റ | Q64035681 |
| വിദ്യാഭ്യാസഭരണസംവിധാനം | |
| റവന്യൂജില്ല | തിരുവനന്തപുരം |
| വിദ്യാഭ്യാസജില്ല | തിരുവനന്തപുരം |
| ഉപജില്ല | തിരുവനന്തപുരംസൗത്ത് |
| ഭരണസംവിധാനം | |
| ലോകസഭാമണ്ഡലം | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | നേമം |
| താലൂക്ക് | തിരുവനന്തപുരം |
| തദ്ദേശസ്വയംഭരണസ്ഥാപനം | തിരുവനന്തപുരംകോർപ്പറേഷൻ |
| വാർഡ് | 48 |
| സ്കൂൾഭരണവിഭാഗം | |
| സ്കൂൾഭരണവിഭാഗം | സർക്കാർ |
| സ്കൂൾവിഭാഗം | പൊതുവിദ്യാലയം |
| പഠനവിഭാഗങ്ങൾ | എൽ.പി |
| സ്കൂൾതലം | 1 മുതൽ 4 വരെ |
| മാദ്ധ്യമം | മലയാളം, ഇംഗ്ലീഷ് |
| | |
| അദ്ധ്യാപകർ | 4 |
| സ്കൂൾനേതൃത്വം | |
| പ്രധാനഅദ്ധ്യാപിക | മേരിപുഷ്പ ആർ. |
| പി.ടി.എ. പ്രസിഡണ്ട് | രാജി |
| എം.പി.ടി.എ. പ്രസിഡണ്ട് | ജീന |

## കുട്ടികളുടെ വിവരങ്ങൾ 2025-26

| | | |
|---|---|---|
| പ്രീപ്രൈമറി | – | 16 |
| ക്ലാസ് 1 | – | 10 |
| ക്ലാസ് 2 | – | 9 |
| ക്ലാസ് 3 | – | 18 |
| ക്ലാസ് 4 | – | 5 |

## ജീവനക്കാരുടെ വിവരങ്ങൾ

| | | |
|---|---|---|
| **മേരിപുഷ്പ ആർ.** | - | ഹെഡ്മിസ്ട്രസ് |
| **അനീഷ് ബി. സി** | - | Snr.Gr. Sir |
| **മഞ്ചു** | - | LPST ടീച്ചർ |
| **അശ്വതി** | - | LPST ടീച്ചർ |
| **ഗ്രീഷ എം. ജി** | - | പ്രീപ്രൈമറി ടീച്ചർ |
| **സുന്ദരേശൻ** | - | PTCM |
| **ഗിരിജ** | - | പ്രീപ്രൈമറി ആയ |
| **സുമ** | - | കുക്ക് |

# വെല്ലുവിളികൾ

- സ്കൂൾ ചുറ്റുമതിലിന്റെ അഭാവം.
- മാലിന്യനിർമ്മാർജ്ജനം
- ഹൈടെക് ക്ലാസ് മുറികളുടെ അപര്യാപ്തത

# കാഴ്ചപ്പാട്

- ഹൈടെക് വിദ്യാലയം (ഡിജിറ്റൽ ക്ലാസ് മുറികൾ)
- ശലഭ പാർക്ക്
- ശിശുകേന്ദ്രീകൃത പ്രീപ്രൈമറി
- ജൈവവൈവിധ്യ പാർക്ക്
- ചുറ്റുമതിലിനാൽ സംരക്ഷിക്കപ്പെടുന്ന വിദ്യാലയം
- മാലിന്യനിർമ്മാർജന പ്ലാന്റ്
- ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി, ഹാൾ
- ആധുനിക രീതിയിലുള്ള കംപ്യൂട്ടർ റൂം

# പൊതുലക്ഷ്യങ്ങൾ

- പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസിലും ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ച് പരമാവധി നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. പഠന വിഷയങ്ങളിൽ ആശയ ദൃഢത കലാ കായിക പ്രവർത്തിപരിചയ പഠനത്തിൽ പങ്കാളിത്തവും താൽപര്യവും സാമൂഹ്യബോധം പരിസ്ഥിതി ജ്ഞാനം ആശയവിനിമയ ശേഷി എന്നിവ ഉറപ്പുവരുത്തും.

- വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും. പഠനത്തിൽ പിന്നാക്കാവസ്ഥ നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്കാവശ്യമായ പ്രത്യേക മൊഡ്യൂളുകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തിക്കൊണ്ട് തയ്യാറാക്കും.

- കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഊർജ്ജസംരക്ഷണം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിൽ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

- പ്ലാസ്റ്റിക്മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.

- ലൈബ്രറി നവീകരണം, കമ്പ്യൂട്ടർലാബ്, ജൈവവൈവിധ്യ ഉദ്യാനം എന്നിവ വിപുലപ്പെടുത്തും.

# അക്കാദമിക മാസ്റ്റർ പ്ലാൻ– മലയാളം

## പ്രവർത്തന ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ വായിച്ചും പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി ഉറപ്പുവരുത്തൽ.

## ആശയഗ്രഹണ വായന ഉറപ്പാക്കൽ

വിദ്യാലയതതിലെ എല്ലാ കുട്ടികളെയും തെറ്റില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക. സാഹിത്യാഭിരുചി വളർത്തുകയും അതോടൊപ്പം സർഗാത്മ രചനയ്ക്കുള്ള അവസരവും സൃഷ്ടിക്കുക.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം, കഥ, കവിത, വർണ്ണന, എന്നിവ തയ്യാറാക്കൽ.

ആശയം ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് സ്വതന്ത്രമായി കവിത എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരമുറപ്പിക്കൽ<br>അടയാളമുറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കുക. ചിത്രം (അടിക്കുറിപ്പ്, കഥപറയൽ, കഥയെഴുതൽ)<br>കഥ - ബാക്കിയെഴുതൽ | ര ് മാസം<br>ആഗസ്റ്റ് - സെപ്റ്റംബർ | പുസ്തകങ്ങൾ<br>പവർപോയിന്റ് പ്രസന്റേഷൻ<br>സിഡി,<br>ചിത്രകാർഡുകൾ<br>വായനാകാർഡ്,<br>മാച്ചിംഗ് കാർഡ് | അധ്യാപകർ<br>പിടിഎ<br>യുആർസി |

| | | | | | |
|---|---|---|---|---|---|
| | | കഥാപുസ്തകം നൽകൽ<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | | | യുആർസി സ്പെഷ്യൽ ടീച്ചർ<br>പിടിഎ |
| 2 | മികച്ച വായനക്കാരനാക്കി മാറ്റുന്നതിന് (വായനാക്കൂട്ടം) | വായനാവാര മാസാചരണം- ഉദ്ഘാടനം<br><br>ക്ലാസ്തല വായനാക്കൂട്ടം രൂപീകരിക്കൽ<br><br>സ്കൂൾതല വായനാക്കൂട്ടം രൂപീകരിക്കൽ<br><br>ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി നവീകരണം<br><br>ഗ്രന്ഥശാലാ സന്ദർശനം<br><br>വായനോത്സവം സംഘടിപ്പിക്കൽ<br><br>പോസ്റ്റർ രചന<br>ചിത്രരചന<br>ചിത്രവായന<br>വായനാകാർഡ്<br>പത്രവായന<br>അമ്മവായന<br>വായനാകുറിപ്പ്<br>പുസ്തകപ്രദർശനം<br>വീട്ടിലെ ലൈബ്രറി<br>വായനാപതിപ്പ് (സ്കൂൾതലം)<br>ബാലസഭ<br>ദിനാചരണങ്ങൾ<br>ഡിജിറ്റൽവായന<br>കഥാരചന<br>കവിതാരചന<br>പ്രസംഗം<br>ഉപന്യാസരചന<br>അഭിമുഖം<br>ആസ്വാദനകുറിപ്പ് | [redacted]<br><br>1 വർഷം<br><br>1 വർഷം | ക്ലാസ് ലൈബ്രറി<br><br>ഗ്രന്ഥശാല<br><br>പത്രങ്ങൾ, പുസ്തകങ്ങൾ<br><br>വീട്ടിലെ പഠനമുറി | അധ്യാപകർ<br>പിടിഎ<br>ഗ്രന്ഥശാല<br>യുആർസി<br><br>രക്ഷിതാക്കൾ<br><br>അധ്യാപകർ,<br>പിടിഎ<br>യു.ആർ.സി<br>വിശിഷ്ട വ്യക്തികൾ |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | വായനയ്ക്ക് അവസരം നൽകൽ<br>എഴുത്തുകൂട്ടം രൂപീകരിക്കൽ<br>വായനാകുറിപ്പ്<br>എന്റെകൈപ്പുസ്തകം (സർഗസൃഷ്ടികൾ)<br>പോസ്റ്റർ രചന<br>സന്ദേശങ്ങൾ<br>മുദ്രാഗീതങ്ങൾ<br>മുദ്രാവാക്യം (ദിനാചരണങ്ങൾ)<br>ആസ്വാദനകുറിപ്പ് കേൾക്കൽ<br>പാഠഭാഗം ആസ്വാദനകുറിപ്പ് തയ്യാറാക്കൽ<br>വർണ്ണന<br>വിവരണം<br>സംഭാഷണം<br>കഥപൂർത്തിയാക്കൽ<br>കവിതാരചന<br>വായനാകാർഡ് - നിർമ്മാണം<br>ബാലസഭ<br>മികവ് മത്സരം | ഒരു വർഷം | ലൈബ്രറി പുസ്തകങ്ങൾ<br>പത്രവാർത്തകൾ<br>ഐ.സി.ടി ഉപയോഗിച്ച് ആസ്വാദനകുറിപ്പുകൾ കേൾക്കാനുള്ള അവസരം | അധ്യാപകർ<br>പിടിഎ<br>യു.ആർ.സി.<br>ഡയറ്റ്<br>വിദ്യാഭ്യാസ വിദഗ്ധർ<br>വായനശാലാ ലൈബ്രേറിയൻ |

ഭാഷാപരമായ പിന്നാക്കവസ്ഥ പരിഹരിക്കുന്നതിനായി മലയാളത്തിളക്കം, വായനാക്കൂട്ടം, എഴുത്ത് കൂട്ടം എന്നീ പദ്ധതിക്ക് തുടക്കം കുറിക്കുകയും കുട്ടികളെ ക്ലാസുകളിലും സ്കൂൾതലത്തിലും മുൻധാരയിലേക്ക് എത്തിക്കുന്നതിനും ഈ പദ്ധതി മുഖാന്തിരം നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ ചെയ്ത് മികവ് ഉത്സവത്തിന്സജ്ജരാക്കുന്നതിന് തീരുമാനിച്ചു. എല്ലാവർക്കും എഴുത്തും വായനയും ഉറപ്പാക്കും. ഭാഷയുമായി ബന്ധപ്പെട്ട സിഡി, ഐസിടി സാധ്യത എന്നിവ സജ്ജീകരിക്കും. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം നൽകി ആത്മവിശ്വാസത്തോട് കൂടി അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നതിന് ഈ പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ– ഇംഗ്ലീഷ്

**പ്രവർത്തന ലക്ഷ്യങ്ങൾ**

* കുട്ടികൾ അർത്ഥപൂർണ്ണമായി ആശയഗ്രഹണം നടത്തുകയും അത് വിനിമയം ചെയ്യുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നു.

* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുന്നു.

* ഇംഗ്ലീഷ് ഭാഷ കൂടുതലായി കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നു.

* ഇംഗ്ലീഷ് ഭാഷാശേഷി വികാസത്തിൽ ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു.

**Aim**

To speak, read and write English without any mistakes.

| Sl No. | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1 | Listening skill | Pre-test<br>To develop listening skill and reading skill first<br><br>Games<br>Action song (Hello English activity)<br><br>Conversation<br>Skit<br>Roleplay<br>Stories<br>Choreography | June to July<br><br>August | Digital Question paper<br><br>ICT<br>Hello English Activity book<br><br>Videos (ICT, CD, Youtube) | Teachers<br>URC<br>DIET |
| 2 | Speaking skill | Description<br>Growing sentences<br>Picture reading | One year | Display chart<br><br>ICT | Teachers<br>SMC<br>URC<br>DIET<br>SCERT |

| | | | | | |
|---|---|---|---|---|---|
| | | Picture Description<br>Self introduction<br>(Assembly Activities)<br>Speech<br>Dinacharanam<br>Activities<br>Book review<br>Quiz riddles<br>School FM radio | | Paper cuttings<br>Library Books<br>Audio system | |
| 3 | Reading skill | Newspaper reading<br>Library book reading<br>Book review<br>Reading Breaking news<br>Find words<br>Rhyming words<br>Describing words<br>Textbook Activities 1-4 | 1 year | Newspapper<br><br>Digital News<br>Live News<br>Audio,<br>Video | Teachers |
| 4 | Writing skill | Make Word web<br>Picture description<br>Word chain<br>Sentence chain<br>Make words and sentence<br>make riddles<br>Conversation<br>Add more lines<br>Develop story<br>Description<br>Notice proclamation<br>Diary<br>Announcement<br>Magazine | One year | ICT<br>Chart<br>Picture chart<br>Textbook | Teachers<br>URC |

# അക്കാദമിക മാസ്റ്റർ പ്ലാൻ– ഗണിതം

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഗണിതപഠനം ഉല്ലാസപ്രദവും കൗതുകരമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പാക്കുക.

* ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ഗണിതശേഷി ഉറപ്പ് വരുത്തുകയും അവരെ മികച്ച പ്രശ്നപരിഹരണ ശേഷി ഉള്ളവരായി മാറ്റുകയും ചെയ്യുന്നതിന്.

* കലാകായിക പ്രവൃത്തി പഠനാശയങ്ങൾ ഗണിതവുമായി കോർത്തിണക്കിക്കൊ ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്.

* നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിതത്തിലൂള്ള പ്രാധാന്യം മനസിലാക്കുന്നതിനും സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവ കുട്ടികളിൽ കാര്യക്ഷമമായി ഉറപ്പിക്കുന്നതിന്.

* ഗണിതാന്തരീക്ഷമുള്ള പഠനമുറികൾ സജ്ജമാക്കുന്നതിന്.

* ഐസിടി അതിഷ്ഠിതവും പ്രക്രിയാബന്ധിതവും പ്രവർത്തനങ്ങൾ നടപ്പാക്കും. പഠനത്തിൽ പിന്നാക്കവസ്ഥയിൽ നിൽക്കുന്ന കുട്ടികളെയും ഭിന്നനിലവാരത്തിലുള്ള കുട്ടികളെയും പരിഗണിച്ചുകൊ ് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനം ഉറപ്പുവരുത്തുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പാക്കുക<br><br>മികച്ച എല്ലാ കുട്ടികളെയും പ്രശ്നപരിഹരണ ശേഷി | പ്രവൃത്തിപരിചയ ശിൽപശാല<br><br>ക്ലാസ് പിടിഎ<br><br>ഗണിതാശങ്ങൾ രൂപീകരിക്കൽ<br><br>പ്രീ- ടെസ്റ്റ്<br><br>സംഖ്യാബോധംഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ- ജൂലൈ | ഐസിടി<br><br>വർക്ക്ഷീറ്റ്<br><br>ഗണിതകിറ്റ്<br><br>ചാർട്ട്<br><br>ഠമാഡൽ | അധ്യാപകർ<br>പിടിഎ<br>യുആർസി |

| | | | | | |
|---|---|---|---|---|---|
| | ഉള്ളവരായി<br>മാറ്റുക.<br><br>എല്ലാ<br>കുട്ടികളുടെയും<br>പങ്കാളിത്തം<br>ഉറപ്പാക്കുക. | (ക്ലാസ്തലത്തിൽ<br>തയ്യാറാക്കിയ<br>ഗണിതകിറ്റുകൾ,<br>ഗണിതചാർട്ട്,<br>ഗണിതമോഡൽ,<br>ഐസിടി സാധ്യത)<br>എന്നിവ<br>ഉപയോഗപ്പെടുത്തുന്നു. | | | |
| 2 | ഗണിത<br>ശിൽപശാല | ഗണിതം രസകരവും<br>ലളിതവുമാക്കുന്നതിനാ<br>യി ഒന്നു മുതൽ നാലാം<br>ക്ലാസ്<br>വരെയുള്ളകുട്ടികൾക്ക്<br>രക്ഷിതാക്കളുടെ<br>സഹായത്തോട് കൂടിയും<br>ഗണിതപഠനോപകരണ<br>ങ്ങൾ പരിശീലനം<br>നൽകുകയും<br>ശിൽപശാല<br>നടത്തുകയും<br>ചെയ്യുന്നു.<br><br>ഗണിത മോഡൽ<br>സംഖ്യാപോക്കറ്റ്<br>അബാക്കസ്<br>കളിനോട്ട്<br>രൂപങ്ങൾ | മൂന്ന് മാസം<br>കൂടുമ്പോൾ | ചാർട്ട്<br>പഠനോപകരണ<br>സാമഗ്രികൾ | രക്ഷിതാക്കൾ<br>അധ്യാപകർ<br>യുആർസി |
| 3 | ഗണിത ലാബ് | ഗണിതകേളികൾ<br>ഗണിതപസിൽ<br>കുസൃതികണക്ക്<br>ഗണിതപാട്ടുകൾ<br>രൂപങ്ങൾ<br>ഗണിതചാർട്ട്<br>അളവ്പാത്രങ്ങൾ<br>ഈർക്കിലുകളുടെ<br>കെട്ടുകൾ<br>അബാക്കസ്<br>സ്ഥാനവില പോക്കറ്റ്<br>ഭാരമളക്കുന്ന മിഷ്യൻ<br>തൂക്കുകട്ട<br>ക്ലോക്കുകൾ<br>പാമ്പും കോണിയും<br>ഐസിടി<br>സംഖ്യാകാർഡുകൾ<br>മാച്ചിംഗ് കാർഡുകൾ<br>എന്നിവ | ഒരു വർഷം | ഗണിത ലാബ് റൂം<br>ചാർട്ട്<br>പാഴ് വസ്തുക്കൾ<br>കേടായ<br>ക്ലോക്കുകൾ,പുസ്തക<br>ങ്ങൾ | അധ്യാപകർ<br>എസ്.എംസി.<br>യുആർസി<br>എസ്.ഇ.ആർ.<br>ടി. |

| | | | | | |
|---|---|---|---|---|---|
| | | ഗണിതലാബിൽന് ആവശ്യമായവ ക ത്തുകയും ഗണിതലാബ് നവീകരിക്കുകയ ും അതിലൂടെ ഗണിതം ലളിതവും മധുരവും ആക്കി മാറ്റുന്നതിന്. | | | |
| 4 | ഗണിതവിജയം | ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള പാഠഭാഗവുമായി ബന്ധപ്പെടുത്തി | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – കലാ – കായിക – പ്രവൃത്തിപരിചയ പഠനം

## പ്രവർത്തന ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളുടെയും കലാപരമായ കഴിവുകളെ കത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

* കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

* പാഠ്യപദ്ധതി നിർദ്ദേശിച്ച കലാപഠനാനുഭവങ്ങൾ നൽകാനുള്ള അധ്യാപകർ ഭൗതീകസൗകര്യം എന്നിവയുടെ അഭാവം നികത്താനുള്ള ശ്രമം നടത്തുന്നു.

* കുട്ടികളുടെ കായിക ക്ഷമത ഉറപ്പാക്കുന്നതിനും കായിക പ്രതിഭകളെ കത്തി പ്രോത്സഹിപ്പിക്കുന്നതിനും.

* വിദ്യാലയത്തിന്റെ പരിസരത്ത് താമസിക്കുന്ന കായിക പരിശീലകരെ കത്തുകയും പരിശീലനവും ക്ലാസും നടത്തുന്നതിന് വേ ക്രമീകരണം ചെയ്യുന്നതിന്.

* കായിക പഠനത്തിനും പരിശീലനത്തിനും ഭൗതീക സൗകര്യങ്ങൾ (കളിസ്ഥലം, ഇൻഡോർ സ്റ്റേഡിയം) എന്നിവ ഒരുക്കുന്നതിനുള്ള കാഴ്ചപ്പാട്.

* കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിന്.

* പ്രവൃത്തി പരിചയത്തിൽ പ്രാവീണ്യം നേടുന്നതിന്. പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ, ശേഖരണങ്ങൾ എന്നിവയിൽ താൽപര്യം ജനിപ്പിക്കുന്നതിന്.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളുടെ സർഗാത്മകപരമായ കഴിവുകൾ കത്തൽ, അവസരം നൽകൽ | പാഠഭാഗങ്ങളിലെ പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കലാപഠനത്തിനുള്ള അവസരം നൽകൽ. | ഒരു വർഷം | കഥകളും കവിതകളും സംഭാഷണം സ്കിറ്റ് ചെറുനാടകം | എച്ച്. എം. അധ്യാപകർ, വിവിധകലാകാരൻമാർ |

| | | | | | |
|---|---|---|---|---|---|
| | | സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള സാഹചര്യം ഒരുക്കൽ (ക്ലാസ്തലം, സ്കൂൾതലം, മികവുത്സവം)<br><br>ടാലന്റ് ലാബ്<br>ബാലസഭ<br>സബ്ജില്ലാ മേളകൾ<br>കോർണർ പിടിഎ. | | എന്നിവ കേൾക്കാനും കാണാനും ഉള്ള അവസരം (ഐസിടി സാധ്യത)<br>ഡിജിറ്റൽ മാഗസീൻ<br>ചാർട്ട്, | |
| 2. | കലാ അധ്യാപകരുടെയും ഭൗതീക സാഹചര്യത്തിന്റെയും അഭാവം പരിഹരിക്കൽ | കലാഅധ്യാപകരെ വിദ്യാലയത്തിൽ നിയമിച്ച് പഠനം സുഗമമാക്കാനും കലാപഠനത്തോടുള്ള താല്പര്യം ജനിപ്പിക്കാനും ആവശ്യപ്പെടൽ<br><br>കുട്ടികളുടെ കലാപ്രകടനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മനോഹരമായ സ്റ്റേജ് നിർമ്മിക്കൽ<br><br>മൈക്ക് സെറ്റും (ഓഡിയോ സിസ്റ്റം) നവീകരിക്കൽ | ഒരു വർഷം | ഓഡിയോ സിസ്റ്റം | എസ്.എസ്.കെ., എസ്.എം.സി, പിടിഎ, സർക്കാർ |
| 3 | കുട്ടികളുടെ കായിക ക്ഷമത ഉറപ്പാക്കുന്നതിനും കായിക പ്രതിഭകളെ ക ത്തി പ്രോത്സഹിപ്പിക്കുന്നതിനും. | ചിട്ടയോടുള്ള അസംബ്ലി<br><br>അസംബ്ലിയിൽ ചെറിയ രീതിയിലുള്ള വ്യായാമ പരിശീലനങ്ങൾ<br><br>ക്ലാസ് ടൈംടേബിളുകളിൽ ഒരു പീരിയിഡ് കായിക വിദ്യാഭ്യാസത്തിന് സമയം ചെലവഴിക്കൽ<br>മാസ്സ് ഡ്രിൽ<br>ചിക്കൻ ഡാൻസ്<br>എയ്റോബിക്സ് | ഒരു വർഷം | ഐസിടി | അധ്യാപകർ<br>എസ്.എസ്.കെ.<br>ട്രെയിനർ |

| | | | | | |
|---|---|---|---|---|---|
| 4 | വിദ്യാലയത്തിന്റെ<br>പരിസരത്ത്<br>താമസിക്കുന്ന കായിക<br>പരിശീലകരെ<br>ക ത്തുകയും<br>പരിശീലനവും ക്ലാസും<br>നടത്തുന്നതിന് വേ<br>ക്രമീകരണം<br>ചെയ്യുന്നതിന്.<br><br>കായിക പഠനത്തിനും<br>പരിശീലനത്തിനും<br>ഭൗതീക സൗകര്യങ്ങൾ<br>(കളിസ്ഥലം, ഇൻഡോർ<br>സ്റ്റേഡിയം) എന്നിവ<br>ഒരുക്കുന്നതിനുള്ള<br>കാഴ്ചപ്പാട്. | എല്ലാ വിഷയത്തിലെയും<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട് കായിക<br>അധ്യാപകരെ ക ത്തി<br>കായികവുമായി<br>ബന്ധപ്പെട്ട് വരുന്ന<br>പ്രവർത്തനങ്ങൾ<br>ചെയ്യുകയും<br>സമൂഹത്തിലെ കായിക<br>പരിശീലകരെ കൊ ്<br>ഒരാഴ്ചയിൽ ഒരു<br>ദിവസമെങ്കിലും<br>ക്ലാസുകൾ<br>സംഘടിപ്പിക്കുകയും<br>ചെയ്യുന്നതിന്.<br><br>അടിസ്ഥാന കായിക<br>വ്യായാമങ്ങൾ പരിശീലനം<br>നാടൻ കളികൾ,<br>ഇൻഡോർ ഗെയിംസ്<br>പരിശീലനം,<br>എയ്റോബിക്സ്<br>അത്ലറ്റിക്സ്<br>പരിശീലനം | ഒരു<br>വർഷം | കളി<br>ഉപകരണങ്ങൾ | കായിക അധ്യാപകൻ<br>എസ്എസ്കെ<br>എച്ച് എം.<br>പിടിഎ |

# <u>പ്രീപ്രൈമറി വിഭാഗം</u>

**<u>നിലവിലുള്ള സൗകര്യങ്ങൾ</u>**

- ❖ പ്രീപ്രൈമറിക്കായി പ്രത്യേക കെട്ടിടം (ഭാഗീകം)
- ❖ അലമാര
- ❖ വൈറ്റ് ബോർഡ്
- ❖ കളികോപ്പുകൾ
- ❖ പസിൽ
- ❖ അബാക്കസ്
- ❖ ടോയ് കാർ
- ❖ ഡക്ക്
- ❖ ബിൽഡിംഗ് ബ്ലോക്സ്
- ❖ ഇംഗ്ലീഷ് ലെറ്റർ പാറ്റേൺ

**<u>ഇനി ആവശ്യമായവ</u>**

- ➢ ശിശുസൗഹൃദ ചുമരുകൾ
- ➢ ആകർഷകമായ ഇരിപ്പിട സൗകര്യങ്ങൾ
- ➢ ഡിജിറ്റൽ പ്രീപ്രൈമറി ക്ലാസ് മുറി
- ➢ സ്വതന്ത്രമായി കളിക്കുന്നതിന് കളി ഉപകരണങ്ങൾ (തടിയിൽ നിർമ്മിച്ചത്)